Lalith Babu

**ഒരു രേഖ ഓഫീസിൽ സൂക്ഷിക്കേണ്ടതായിരുന്നോ എന്നത് പരിശോധിക്കാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. പൊതു സ്ഥാപനത്തിലെ ഭരണപരമായ നടപടിക്രമങ്ങളിലെ ശരിയും തെറ്റും വിവരാവകാശ നിയമ പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയില്ല**

5. അപേക്ഷയിൽ രണ്ടാമതായും മൂന്നാമതായും ആവശ്യപ്പെട്ട വിവരങ്ങൾ ജില്ലാ കളക്ടറേറ്റിൽ സൂക്ഷിക്കേണ്ട വിവരങ്ങൾ ആണോ എന്നത് വിവരാവകാശ നിയമപ്രകാരം പരിശോധിക്കേണ്ടതില്ലെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. ഒരു പൊതു സ്ഥാപനത്തിലെ ഭരണപരമായ നടപടിക്രമങ്ങളിലെ ശരിയും തെറ്റും വിവരാവകാശ നിയമപ്രകാരം പരിശോധിക്കാൻ വ്യവസ്ഥയില്ലെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി.

6. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(i) പരാതിക്കാരന്റെ അപേക്ഷയിൽ 2, 3 നംപരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ കൊല്ലം ജില്ലാ കളക്ടറേറ്റിൽ ലഭ്യമല്ലെന്ന എതൃകക്ഷിയുടെ സമർപ്പണം കമ്മിഷൻ സ്വീകരിക്കുന്നു. ഈ വിവരങ്ങൾക്കായി ബന്ധപ്പെട്ട ഓഫീസുകളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുൻപാകെ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ii) അപ്പീൽ സംബന്ധമായ വിശദാംശങ്ങൾ നൽകിയില്ല, മറുപടിയിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരും ഫോൺ നംപരും നൽകിയില്ല എന്നീ പരാതികളിൽ എതൃകക്ഷി നൽകിയ വിശദീകരണം സ്വീകരിച്ചുകൊണ്ട് മേൽനടപടി തുടരേണ്ടതില്ലെന്ന് കമ്മിഷൻ തീരുമാനിക്കുന്നു.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 ആഗസ്റ്റ് മാസം 21-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.